**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3299** **11-03-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ നിയോജക മണ്ഡലത്തിലെ തൊഴിൽ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും നിലവിലെ അവസ്ഥയും വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന പയ്യന്നൂർ കേന്ദ്രമായി പയ്യന്നൂർ കണ്ടംകാളി വികസന സമിതിയുടെ പേരിൽ പയ്യന്നൂർ താലൂക്കിൽ പയ്യന്നൂർ വില്ലേജിൽ കണ്ടംകാളി അംശം 210/102/(Old) സർവ്വേ നമ്പരിൽ വരുന്ന 12 സെന്റ് സ്ഥലത്ത് ഒരു കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്ഥലം വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനായി കണ്ടകാളി വികസന സമിതിയിൽ നിന്നും നൽകിയ ആധാരത്തിന്റെ അസ്സൽ എംപ്ലോയ്മെന്റ് ഡയറക്ടർ ഒപ്പുവച്ച് നൽകുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധിയായി കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പയ്യന്നൂർ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച 231 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ